റിപ്പോർട്ട് തയ്യാറാക്കി, അത് ഈ വർഷത്തെ ആക്ഷൻ പ്ലാനിൽത്തന്നെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(17) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. ജോണി നെല്ലൂർ : സർ, മൂന്നാമത്തെ പ്രാവശ്യമാണ് ഈ സഭയിൽ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പക്ഷേ ഇതിന്റെ പ്രത്യേകത ഇതിനു മുമ്പ് രണ്ട് പ്രാവശ്യം ഉന്നയിച്ചപ്പോഴും ഇദ്ദേഹം അല്ലായിരുന്നു മന്ത്രി. ഇദ്ദേഹത്തിന്റെ മുൻഗാമികളായ രണ്ടു മന്ത്രിമാരായിരുന്നു. അവരുടെ കാലത്ത് കഴിയാത്ത കാര്യം ബഹു. ഇന്നത്തെ ഗതാഗത വകുപ്പുമന്ത്രി സാധിച്ചുതരുമെന്നുള്ള പ്രതീക്ഷയിലാണ്. മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയെ സംബന്ധിച്ച് നിരവധി പ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതാണ്. ആ ഡിപ്പോ വളരെ പഴക്കം ചെന്ന ഡിപ്പോയാണ്. 51 ഷെഡ്യൂളുകളുള്ള ആ ഡിപ്പോയിൽ 57 ബസ്സുകൾ വേണം. ഇപ്പോൾ അവിടെ 46 ബസ്സുകൾ മാത്രമേയുള്ളൂ. 11 ബസ്സുകളുടെ കുറവുണ്ട്. 46 ബസ്സുകൾ ഉള്ളതിൽതന്നെ ആവറേജ് എട്ടോ ഒൻപതോ ബസ്സുകൾ വർക്ക് ഷോപ്പിലാണ്. 35 ഷെഡ്യൂളുകളാണ് ദിവസേന ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നത്. 51 ഷെഡ്യൂളുകൾ നോട്ടീസ് ബോർഡിലുണ്ട്. ഈ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകുവാൻ വേണ്ടി 11 ബസ്സുകൾ അനുവദിക്കണം എന്നതാണ് ഒരു ആവശ്യം. മറ്റൊന്ന്, കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സ്ഥലം വളരെ വിസ്തൃതമാണ്, അവിടെ ചുറ്റുമതിൽ നിർമ്മിച്ച് ആ ഡിപ്പോ നവീകരിക്കണമെന്ന ഒരു അഭ്യർത്ഥനയാണ്. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരാവശ്യം കൂടിയുണ്ട്. മൂവാറ്റുപുഴയിൽനിന്നും എറണാകുളത്തേയ്ക്കും കോട്ടയത്തേയ്ക്കും രണ്ട് ദേശസാൽകൃത റൂട്ടുകളാണുള്ളത്. സാധാരണക്കാരായ നിരവധി യാത്രക്കാർ യാത്ര ചെയ്യുന്ന റൂട്ടാണ്. ദേശസാൽകൃത റൂട്ടുകളായതുകൊണ്ട് സൂപ്പർ ഫാസ്റ്റും ഫാസ്റ്റ് പാസഞ്ചറും മാത്രമേയുള്ളൂ. സാധാരണക്കാർക്ക് താങ്ങാൻ ആകാത്ത ബസ് ചാർജ്ജാണ് സൂപ്പർഫാസ്റ്റിലും ഫാസ്റ്റ് പാസഞ്ചറിലും ഈടാക്കുന്നത്. മന്ത്രിയോട് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത് ഈ രണ്ട് ദേശസാൽകൃത റൂട്ടുകളിലും (മൂവാറ്റുപുഴ-എറണാകുളം, മൂവാറ്റുപുഴ-കോട്ടയം) ലിമിറ്റഡ് ഓർഡിനറി സർവ്വീസുകൾ അനുവദിച്ച് സാധാരണക്കാരെ സഹായിക്കുവാൻ അടിയന്തിരമായ നടപടികൾ കൈക്കൊള്ളണമെന്നാണ്. ഈ കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുവാൻ വേണ്ടി ബഹു. മന്ത്രി മൂവാറ്റുപുഴ ഡിപ്പോ സന്ദർശിക്കണമെന്നും കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, 51 ഷെഡ്യൂളുകളുള്ള മൂവാറ്റുപുഴ ഡിപ്പോയിൽ 57 ബസ്സുകൾ ആവശ്യമാണ്. ഇപ്പോൾ ഉള്ളത് 49 ബസ്സുകൾ മാത്രമാണ്. അതായത് 8 ബസ്സുകളുടെ കുറവുണ്ട്. ഈ കുറവു മൂവാറ്റുപുഴയുടെ മാത്രം പ്രശ്നമല്ല. പൊതുവായ പ്രശ്നമാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുകൾ കാരണം കാലാകാലങ്ങളിൽ ബസ്സുകളുടെ റീപ്ലേസ്മെന്റും ആഗ്മെന്റേഷനും നടത്താൻ കഴിയുന്നില്ല. ഹഡ്കോയുടെ ധനസഹായത്തോടെ 1800 ബസ്സുകൾ നിരത്തിൽ ഇറക്കുമ്പോൾ ഈ പ്രശ്നം പരിഹൃതമാകും. സബ്മിഷനിൽ പ്രതിപാദിച്ചിട്ടുള്ള മറ്റൊരു കാര്യം, ഉള്ള ബസ്സുകളിൽതന്നെ 8 എണ്ണം വർക്ക് ഷോപ്പിലാണ് എന്നുള്ളതാണ്. ഈ ബസ്സുകളുടെ ശരാശരി പ്രായം 7 വർഷമാണ്. ഒഴിച്ചുകൂടാൻ പറ്റാത്ത അറ്റകുറ്റപ്പണികൾക്കുവേണ്ടി ബസ്സുകൾ വർക്ക്ഷോപ്പിൽ കയറ്റേണ്ടിവരുന്നു. ഇതും പൊതുവായ പ്രശ്നമാണ്. കെ.എസ്.ആർ.ടി.സി. യുടെ വാഹനവ്യൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നിലൊന്ന് ഭാഗവും 7 വർഷത്തിൽ കൂടുതൽ പ്രായമുള്ളതാണ്. ഇവയെ ക്രമേണ റീപ്ലേസ് ചെയ്താൽ ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കും. 500 -ഓളം ബസ്സുകൾ ഈ വർഷത്തിനുള്ളിൽ റീപ്ലേസ് ചെയ്യാനുണ്ട്. അങ്ങനെ ഈ പ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരമുണ്ടാകും. മേൽപറഞ്ഞ രീതിയിൽ ബസ്സുകളുടെ കുറവ് പരിഹരിക്കുമ്പോൾ മൂവാറ്റുപുഴ-എറണാകുളം, മൂവാറ്റുപുഴ-കോട്ടയം എന്നീ റൂട്ടുകളിൽ ആവശ്യാനുസരണം ഓർഡിനറി സർവ്വീസുകൾ അനുവദിക്കാവുന്നതാണ്. മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ചുറ്റുമതിൽ സംരക്ഷിക്കുന്നതിനുവേണ്ടി 2,46,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 1998-ൽ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കോർപ്പറേഷന്റെ അന്നത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത പണി തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കുകയാണ് ഉണ്ടായത്. 2000-2001 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പണി പദ്ധതി വിഹിതത്തിൽ വകകൊള്ളിച്ച് മുൻഗണനാ അടിസ്ഥാനത്തിൽ വളരെ വേഗം നടപ്പിലാക്കുന്നതാണ്. ബഹു. അംഗം ഓർഡിനറി ബസ്സുകളുടെ കാര്യം പറഞ്ഞത് വളരെ വേഗം സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(18) ബീഡിത്തൊഴിലാളി സമരം

<u>ശ്രീ. എം.വി. ജയരാജൻ</u> : സർ, ഇന്ന് ബീഡിത്തൊഴിലാളികൾ സംസ്ഥാന വ്യാപകമായി സർക്കാർ ഓഫീസുകൾക്കുമുൻപിൽ പിക്കറ്റിംഗ് സമരം സംഘടിപ്പിക്കുകയാണ്. അവർ ഉയർത്തുന്ന പ്രധാനപ്പെട്ട മൂന്ന് മുദ്രാവാക്യങ്ങളിൽ ഒന്ന് മിനിമംകൂലി പുതുക്കി നിശ്ചയിക്കണമെന്നാണ്. 1994-ൽ ആണ് ഇതിനുമുൻപ് മിനിമം കൂലി പുതുക്കിനിശ്ചയിച്ചത്. അതിനുള്ള ഒരു കരട് ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. അത് ഇപ്പോൾ അഡ്വൈസറി ബോർഡിന്റെ പരിഗണനയിലാണ്. ആറു വർഷമായി ഇതുവരെ തീരുമാനം എടുക്കുവാൻ കഴിഞ്ഞിട്ടില്ല. ആയിരം ബീഡി തീർത്താൽ ഒരു ബീഡിത്തൊഴിലാളിക്ക് കിട്ടുന്ന മിനിമം കൂലി 30 രൂപയാണ്. അതുകൊണ്ട് മിനിമം കൂലി പുതുക്കി നിശ്ചയിക്കണം. മറ്റൊരു പ്രധാനപ്പെട്ട ആവശ്യം, ബഹു. പാലോട് രവി ഈയിടയ്ക്ക് പറഞ്ഞതുപോലെ പൊതുസ്ഥലത്ത് പുകവലി നിരോധിച്ചുകൊണ്ട് കോടതി ഉത്തരവു വന്നു. അതിനെത്തുടർന്ന് ബീഡിത്തൊഴിലാളികൾ വലിയ പ്രയാസത്തിലാണ്. മദ്യഷാപ്പുകളിൽ കയറി മദ്യം കഴിക്കാം. അവിടെ പുകവലിച്ചുകൂടാ. അതാണ് ഇപ്പോൾ ഫലത്തിൽ വന്നിട്ടുള്ളത്. ബീഡി വ്യവസായം ഇപ്പോൾ വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഇപ്പോൾ പോലീസ് ഹൈക്കോടതി വിധിയുടെ മറവിൽ കേസെടുക്കുകയാണ്. കേസ് കൈകാര്യം ചെയ്യുക മാത്രമല്ല ധാരാളം ആളുകളെ പീഡിപ്പിക്കുകയും ചെയ്യുന്നു. ഇതു ബീഡി വ്യവസായത്തെ പ്രതിസന്ധിയിലേയ്ക്ക് നയിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട ആവശ്യം ക്ഷേമനിധിയാണ്.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : എല്ലാപേരും ബീഡി വലിക്കണം എന്നാണോ അങ്ങ് പറയുന്നത്?

<u>ശ്രീ. എം.വി. ജയരാജൻ</u> : ബീഡിവലിക്കണമെന്ന് ഞാൻ പറയുന്നില്ല. ഇവിടെ രണ്ടു ലക്ഷത്തോളം വരുന്ന ബീഡിത്തൊഴിലാളികൾക്ക് കടലിൽപ്പോയി മുങ്ങിച്ചാകുവാൻ പറ്റില്ലല്ലോ? അവരെ മറ്റെവിടെയെങ്കിലും പുനരധിവസിപ്പിക്കുന്നതുവരെ..... അതൊരു ആവശ്യമല്ലേ; അവർക്ക് കട

LIBRARY ARCHIVES Kerala Legislative Assembly